# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 312

06.01.2014-ലെ മറുപടിക്ക്

### ജയിലുകളിലെ ഫോൺ ഉപയോഗം തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ജയിലുകളിൽ ഫോൺ ഉപയോഗിച്ച എത്ര കേസുകളാണ് നിലവിലുള്ളത്; ഇതുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) 45 കേസുകൾ നിലവിലുണ്ട്. ഒരു ജീവനക്കാരനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) ജയിലുകളിലെ ഫോൺ ഉപയോഗം തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്? | ബി) ജയിലിൽ ഫോൺ കടത്തുന്നത് തടയാൻ തടവുകാരെ പ്രവേശിപ്പിക്കുമ്പോൾ ദേഹപരിശോധന കർശനമാക്കിയിട്ടുണ്ട്. കൂടാതെ ജയിലിനുപുറത്തുനിന്നും മതിലിനകത്തേക്ക് എറിഞ്ഞുകൊടുക്കുവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ജീവനക്കാരെ നിയോഗിച്ചും, സി.സി.ടി.വി സംവിധാനം ഉള്ള ജയിലുകളിൽ അതിലൂടെയും നിരീക്ഷിക്കുന്നുണ്ട്. മതിലിനു ഉയരം കുറഞ്ഞ സ്ഥലങ്ങളിൽ ഇരുമ്പുവേലിയും, ചുവരുംകെട്ടി സുരക്ഷിതമാക്കാനും, കണ്ണൂർ സെൻട്രൽ ജയിലിൽ കാര്യക്ഷമമായി പ്രവർത്തിക്കാത്ത മൊബൈൽ ജാമർ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ